(ജി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

94 (720) നടപ്പ് സാമ്പത്തിക വർഷത്തെ ടൂറിസം പദ്ധതികൾ

ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ടൂറിസം വികസനത്തിനായി നടപ്പ് വർഷം ഏതൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിലൂടെ എത്രയധികം ടൂറിസ്റ്റുകളെ കൂടുതലായി ആകർഷിക്കാൻ കഴിയുമെന്നും എന്തുതുക ഈയിനത്തിൽ കൂടുതലായി നേടാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്;

(സി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തന പുരോഗതിയെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപ്പ് വർഷം കേന്ദ്രസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി† ചേർത്തിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ കൃത്യമായ കണക്കുകൾ പറയാൻ കഴിയില്ല. എങ്കിലും 2,00,000 വിദേശീയരെങ്കിലും ഈ വർഷം കേരളം സന്ദർശിക്കുമെന്നും അവരിൽനിന്ന് കുറഞ്ഞത് 400 കോടിയുടെ വിദേശനാണ്യം നേടാൻ സാധിക്കുമെന്നുമാണ് കരുതുന്നത്.

(സി) 1988-89 കാലഘട്ടത്തിൽ രൂപം നൽകിയ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ പ്രാരംഭ ഘട്ടത്തിലേതിൽനിന്നും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവച്ചുവരികയാണ്. ചുരുക്കം ചില ജില്ലകളൊഴികെ ഇവയുടെ പ്രവർത്തനം ഏറെ ഫലപ്രദമാണ്. ആരംഭകാലത്തിലേതിൽനിന്ന് വ്യത്യസ്തമായി ടൂറിസം വികസനത്തിനുതകുന്ന പല പ്രധാന പദ്ധതികളും ഡി.റ്റി.പി.സി.കൾ ഇപ്പോൾ ഏറ്റെടുത്തു നടത്തുന്നുണ്ട്. ഡാം സെറ്റുകൾ, ബീച്ചുകൾ എന്നിവ മനോഹരമാക്കുക, ബോട്ടുകൾ, വാട്ടർ സ്പോർട്സ് എന്നിവ ഏർപ്പെടുത്തുക, ജില്ലാതല പ്രാധാന്യമുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സന്ദർശകർക്കായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, ടൂറിസം പ്രാധാന്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി അവ വികസിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുക എന്നീ ചുമതലകളാണ് ഡി.റ്റി.പി.സി.കൾ ഇപ്പോൾ പ്രധാനമായി നിർവഹിച്ചുപോരുന്നത്.

95 (721) എക്കോ ടൂറിസം

ശ്രീ. ഇ.എം. അഗസ്തി :

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly